


# 1989

Copyright © 2013 by E. Harikumar

© Copyright of the sketches, monograms, logo and other materials used in this story to create pages as they appeared in the periodicals, belongs to the respective publishers of periodicals and/or artists.

## കഥാകൃത്ത് ഇ. ഹരികുമാറുമായി ഇന്റർവ്യൂ



# കഥയുള്ള രാത്രിയിൽ

***കഥ മാധ്യമമായി തെരഞ്ഞെടുക്കാൻ വല്ല കാരണവും?***

കവിതയിൽനിന്നു തന്നെയായിരുന്നു തുടക്കം. കുട്ടിക്കാലം മുതലേ കവിത എഴുതിത്തുടങ്ങി. എഴുതുന്ന കവിതകളൊക്കെ അച്ഛനെ കാണിക്കും. ഫലം നിരാശാജനകമായിരുന്നു. ആദ്യ വായനയിൽതന്നെ അച്ഛൻ അത് കീറിക്കളയും. ചിലപ്പോൾ ചില വരികൾ തിരുത്തിത്തരും. എന്നാലും കവിത എഴുതേണ്ട എന്നുതന്നെയായിരുന്നു അച്ഛന്റെ ഉപദേശം. കവിതയിൽ ഗുണം പിടിക്കില്ല്യാന്ന് അച്ഛനന്നേ മനസ്സിലാക്കിക്കാണും.

***കവിതയുടേതായ ഒരന്തരീക്ഷത്തിൽ ബാല്യം ചെലവഴിച്ചിട്ടും കഥയോടു തോന്നിയ ആഭിമുഖ്യം ഒന്നുകൂടി വ്യക്തമാക്കാമോ?***

കവിതയുടേതു മാത്രമായ ഒരന്തരീക്ഷമെന്നു പറയാനാവില്ല. പൊതുവെ സാഹിത്യത്തിന്റെ ഒരന്തരീക്ഷമായിരുന്നു വീട്ടിൽ. ഉറൂബും കടവനാടും അക്കിത്തവും വി.ടിയും ഗോവിന്ദനും ചേർന്ന സദസ്സ്. കനപ്പെട്ട പുസ്തക സമ്പത്തുമുണ്ടായിരുന്നു. ഇതെല്ലാം ചേർന്നപ്പോൾ വായനയും പുരോഗമിച്ചു. നല്ലത് തിരഞ്ഞുപോകേണ്ട ബുദ്ധിമുട്ടുണ്ടായില്ല. പിന്നെ എഴുതുന്ന മനുഷ്യരെ നേരിൽ കാണുക എന്ന മഹാദ്ഭുതവും. അതുകൊണ്ടുതന്നെ അവരുടെയൊക്കെ പുസ്തകങ്ങൾ വായിക്കുമ്പോൾ പ്രത്യേകതയും അനുഭവപ്പെട്ടു. നേരിൽ കാണുകയും പരിചയപ്പെടുകയും ചെയ്ത ഈ മനുഷ്യരാണല്ലോ ഇതൊക്കെ എഴുതുന്നതെന്ന അറിവ്.

***കവിത വിട്ട് കഥ പരീക്ഷിക്കുമ്പോൾ അച്ഛൻ സഹായിയായിരുന്നോ?***

എഴുതുന്നതെന്തായാലും അച്ഛ നെ കാണിക്കാറുണ്ട്. പുറംനാട്ടിലുള്ളപ്പോഴും കഥയെഴുതിയാൽ അത് അച്ഛന് അയച്ചുകൊടുക്കും. ആദ്യവായനക്കാരൻ അച്ഛൻ തന്നെ. വീട്ടിലുള്ളപ്പോൾ അച്ഛന്റെ പ്രഭാതഭക്ഷണ സമയമാണ് ഇതിന് ഉപയോഗിക്കാറ്. എഴുതിയ കടലാസ് ഭക്ഷണമേശയിൽ കൊണ്ടുവെച്ച് മാറിനിൽക്കും. അച്ഛന്റെ പ്രാതലിനോടൊപ്പം വായനയും കഴിയും. അതിനിടെ ചില കഥകൾക്കു മാത്രം അച്ഛൻ നല്ല സർട്ടിഫിക്കററു തന്നു. തരക്കേടില്ല എന്ന അഭിപ്രായം.

***ഒരർത്ഥത്തിൽ അച്ഛൻ തന്നെയായിരുന്നു ഗുരു?***

പക്ഷേ, അച്ഛന്റെ കവിതകളെക്കാൾ മറ്റുള്ളവരുടെ കഥകളായിരുന്നു ശ്രദ്ധിച്ചത്. പ്രത്യേകിച്ച് എസ്.കെ., ഉറൂബ്, കാരൂർ എന്നിവരുടെ കഥകൾ.

***കഥയിൽ പരിപൂർണമായ എക്സ്പ്രഷൺ സാധ്യമാണെന്ന് വിശ്വസിക്കുന്നുണ്ടോ?***

പൂർണത ഒരു കലാരൂപത്തിനുമില്ല. ഡിഗ്രിയുടെ അളവുകോൽ മാറുന്നുവെന്നുമാത്രം. കവിതയാണ് ഇക്കാര്യത്തിൽ കൂടുതൽ പ്രയോജനകരമെന്നു തോന്നുന്നു. സംഗീതം പോലെ തന്നെ.

***ആദ്യത്തെ കഥയെപററിയുള്ള ഓർമകൾ...?***

ആദ്യത്തെ കഥ എന്നതുകൊണ്ട് നിങ്ങളുദ്ദേശിക്കുന്നത് ആദ്യം പ്രസിദ്ധീകരിച്ച കഥ എന്നർത്ഥത്തിലാണല്ലോ. 1962-ൽ കൽക്കത്തയിൽ താമസിക്കുന്ന കാലം. ക്വാർട്ടേഴ്സിന്നടുത്ത് ഒരു ബ്രാഹ്മണ സ്ത്രീയും ഭർത്താവും താമസിച്ചിരുന്നു. ആരെയോ എപ്പോഴും കാത്തിരിക്കുന്നപോലെ. ഒരസ്വാസ്ഥ്യം. പിന്നെ മനസ്സിലായി മരിച്ചുപോയ മകനെ പ്രതീക്ഷിക്കയാണ് അവരെന്ന്. ഒരു രാത്രി, നന്നായി മഴപെയ്തിരുന്നു. ആ അന്തരീക്ഷത്തിൽ ആ വൃദ്ധദമ്പതികളും അവരുടെ വീടും പരിസരവും ഒരിക്കലും വരാത്ത മകനും അവരുടെ അവസാനിക്കാത്ത

**അഷ്ടമൂർത്തി, എൻ. രാജൻ**

പ്രതീക്ഷയും എല്ലാം ഇടകലർന്ന് മനസ്സിൽ അവ്യക്തമായൊന്തരീക്ഷമുണർന്നു. മഴയുള്ള രാത്രിയിൽ – അതാണു ആദ്യം പ്രസിദ്ധീകരിച്ച കഥ. മനോരമയിൽ. പതിനഞ്ച് രൂപ പ്രതിഫലവും കിട്ടി.

***സ്വാധീനിച്ച എഴുത്തുകാരെയും പുസ്തകങ്ങളെപ്പറ്റിയും ഒരിക്കൽ സൂചിപ്പിച്ചിരുന്നല്ലോ?***

സ്വാധീനമെന്നത് അന്ധമായ അനുകരണമെന്ന അർത്ഥത്തിൽ ആരും ധരിക്കില്ലല്ലോ. എഴുത്തിന്റെ ആരംഭഘട്ടത്തിൽ എല്ലാവർക്കും കാണും മുൻ തലമുറയോട് ഒരുതരം മാനസിക അടുപ്പം. ആരാധനയോളം അത് വളരും.

***എഴുതിത്തുടങ്ങിയ കാലത്ത് മലയാള കഥയുടെ അവസ്ഥ എന്തായിരുന്നു?***

മലയാളത്തിൽ എം.ടിയും മാധവിക്കുട്ടിയും സജീവമായിരുന്ന സമയമായിരുന്നു അത്. പദ്മനാഭൻ ഏറെക്കുറെ മൗനത്തിലായിരുന്നു. വിജയനും ഉണ്ടായിരുന്നു.

***സ്വാഭാവികമായും ഈ മുൻതലമുറയോട് വിയോജിക്കാനോ അവരോടൊപ്പം ചേർന്ന് നിൽക്കാനോ ആണ് പുതിയ എഴുത്തുകാർ ശ്രമിക്കുക. താങ്കളുടെ നിലപാട് എന്തായിരുന്നു?***

തീർച്ചയായും മുൻതലമുറയോട് ആരാധനാഭാവം തന്നെയായിരുന്നു എനിക്ക്. എന്നാൽ, അവരെപ്പോലെ തന്നെ എഴുതാൻ ഒരിക്കലും ആശിച്ചിട്ടില്ല. അതിനു ഞാൻ വേണ്ടല്ലോ. ഓരോരുത്തർക്കും കാണും അവരുടേതായ അപ്റോച്ച്. ഭാഷയിലും തീമിലും എല്ലാം തന്നെ ഈ വ്യതിരിക്തത നമുക്കനുഭവപ്പെടുന്നു. അനുഭവപ്പെടണം, എന്നാലേ ഓരോ പേരും വ്യക്തമാവുന്നുള്ളൂ. ഞാൻ എന്റേതായ വഴിയിൽ എഴുതി. ബോധപൂർവം നിഷേധിക്കാനുള്ള ശ്രമവും എന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. കാരണം ഈ നീക്കം കൃത്രിമമാവാനേ തരമുള്ളൂ. മനസ്സിലെന്തു വരുന്നോ അതിന്റെ ഫോം താനെ വരും. അതത്രമാത്രം നൈസർഗികമാണ്.

***സമീപകാല കഥയെപ്പററി എന്താണഭിപ്രായം?***

പുതിയവർ നന്നാവുന്നുണ്ട്. എല്ലാതലത്തിലും ഈ ഇംപ്രൂവ്മെന്റ് നമുക്ക് കാണാം. കാരണം എനിക്കു ശേഷം വരുന്നവർ എന്റെ തെറ്റുകൾ തിരുത്തും. ഇത് എല്ലാ തലമുറയിലും സംഭവിക്കുന്നു. ഇലക്ട്രോണിക് യുഗം പോലെ തന്നെ ഇന്നത്തെ പോരായ്മകൾ തീർത്തുകൊണ്ടാണല്ലോ പുതിയവ വരുന്നത്. തെറ്റ് ആവർത്തിക്കപ്പെടില്ല. എല്ലാ കഥകളും വായിക്കാതെ ഒന്നോ രണ്ടോ പേരെമാത്രം എടുത്തു പറയുന്നതും ശരിയല്ല.

***കഥയിലെ ആധുനിക ഘട്ടത്തോടുള്ള താങ്കളുടെ പ്രതികരണം?***

പലപ്പോഴും ആധുനികത അഭ്യാസമായിട്ടുണ്ട്. മലയാളത്തിലെ കഥാവായനക്കാരെ അമ്പരപ്പിക്കുന്ന സർക്കസ്സുകളാണ് ആ ഒരു പിരീഡിൽ നമ്മുടെ എഴുത്തുകാർ കാട്ടിയത്. അതുകൊണ്ട് കുറേയധികം വായനക്കാരെ നമുക്കു നഷ്ടപ്പെട്ടു. കഥ വായിച്ചാൽ മനസ്സിലാവില്ല എന്നൊരു ട്രെന്റു വന്നു. മനസ്സിലാവുന്നില്ലെങ്കിൽ പിന്നെന്തിനു കഷ്ടപ്പെട്ടു വായിക്കണം.

***എഴുത്തുകാരോടൊപ്പം വായനക്കാരുടെ ബോധനിലവാരം ഉയർന്നില്ല എന്നൊരു വൈരുദ്ധ്യം കൂടിയില്ലേ ഇക്കാര്യത്തിൽ?***

ആധുനിക ഘട്ടത്തിൽ എഴുത്തുകാരൻ അത്രയേറെ അഡ്വാൻസ്ഡ് ആയിപ്പോയെന്നാണോ നിങ്ങൾ കരുതുന്നത്. സത്യത്തിൽ ഐഡിയാസും ദർശനങ്ങളും ഇവിടെ ഇംപോർട്ട് ചെയ്യുകയാണ് ഉണ്ടായത്. കീർക്കിഗാഡ് തെരുവിലൂടെ അലഞ്ഞുനടന്നു എന്ന മട്ടിൽ വരെ എഴുതിപ്പിടിപ്പിക്കുന്നൊരു സ്ഥിതി വന്നു. പക്ഷേ, യഥാർത്ഥത്തിൽ ഈ ആചാര്യന്മാരെല്ലാം അവിടെ നല്ല കഥകൾ എഴുതിയിട്ടുണ്ട്. സാർത്രും മറ്റും. ദർശനം അവർക്ക് കലാബാഹ്യമായിരുന്നില്ല. ഇവിടെ നേർവിപരീതവും സംഭവിച്ചു.

***മലയാളത്തിൽ നടന്ന പ്രതീക്ഷ പുലർത്തിയിരുന്ന ഒരു തലമുറ പെട്ടെന്ന് ഉദിച്ചസ്തമിച്ചുപോയി. എൻ. എസ്. മാധവനും അയ്മനം ജോണും സുമിത്രാവർമയും മറിയാമ്മയും അടങ്ങുന്ന ഒരു തലമുറയെ ആണ് ഉദ്ദേശിക്കുന്നത്. ഇവരുടെ നിശ്ശബ്ദതയ്ക്ക് എന്തെങ്കിലും കാരണം തോന്നുന്നുണ്ടോ?***

തികച്ചും വ്യക്തിപരമായ കാരണങ്ങളാലാവാം ഇവർ പിന്നീട് എഴുതാത്തത്. ദാർശനികമായൊരു തലത്തിൽ ഇവരുടെ മൗനത്തെ ഞാൻ കാണുന്നില്ല. പിന്നെ, എഴുതാൻ വേണ്ടി മാത്രം എഴുതുക എന്ന നിർബന്ധം പലർക്കും കാണില്ല. അത്രയേറെ സ്വയം നിർബന്ധിക്കപ്പെടുമ്പോൾ മാത്രമെ അനിവാര്യമായ രചന ചിലരെങ്കിലും ചെയ്യാറുള്ളൂ.

***പരിസരത്തെ രാഷ്ട്രീയാന്തരീക്ഷത്തിൽനിന്നും താങ്കൾ വേറിട്ടുനിൽക്കുന്നു. സ്വകാര്യതയുടെ തലത്തിൽ നിന്നും ഒരു കഥപോലും ഉയരുന്നില്ല?***

ശരിയാണ്. ഞാനധികവും വ്യക്തികളുടെ കഥകളാണ് എഴുതിയിട്ടുള്ളത്. ഒറ്റപ്പെട്ട ജീവിതവും കുറേയേറെ കഥകളിൽ ആത്മാംശവും കാണും. നമ്മൾ നമ്മളെ പറ്റി എഴുതുമ്പോഴാണ് ഏറ്റവും നന്നാവേണ്ടത്. പിന്നെ അറിയുന്ന എല്ലാറ്റിനെയും കുറിച്ച് ഒരാൾക്കും എഴുതാനാവില്ല. ആഗ്രഹിക്കുന്നതിൽ എത്രയോ കുറവാണ് ഒരാൾ എഴുതുന്നത്. ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഒരേ സമയം ഉൾക്കൊണ്ട് എഴുതാൻ, സമഗ്രമായി പ്രതിഫലിപ്പിക്കാൻ ഒരെഴുത്തുകാനും കഴിയില്ല എന്നാണെന്റെ വിശ്വാസം.

***ഇളകിമറിഞ്ഞൊരു രാഷ്ട്രീയ കാലാവസ്ഥയിൽപോലും താങ്കൾ ഒറ്റപ്പെട്ടു നിൽക്കൽ സാധിച്ചെടുത്തു. അടിയന്തരാവസ്ഥയാണ് ഉദ്ദേശിക്കുന്നത്. അത്രയേറെ കലുഷലും ഭീകരവുമായ സമയത്തുപോലും...***

ഞാനന്ന് കേരളത്തിലായിരുന്നില്ല. കേരളത്തിലെ രാഷ്ട്രീയം എന്നെ സ്വാധീനിച്ചിരുന്നില്ല.

***അത് കേരളത്തെമാത്രം ബാധിച്ച പ്രശ്നമായിരുന്നില്ല.***

ഇന്ത്യൻ രാഷ്ട്രീയ സാഹചര്യം പ്രസക്തമായി കഥയ്ക്കുതകുന്ന പശ്ചാത്തലമായി എനിക്കനുഭവപ്പെട്ടിട്ടില്ല. പിന്നെ വളരെ ആനുകാലികമായി സംഭവങ്ങളോട് പ്രതികരിക്കാൻ അപ്പപ്പോൾ എഴുത്തുകാരന് സാധി

ച്ചെന്നും വരില്ല; അങ്ങിനെ വേണമെങ്കിൽ റിപ്പോർട്ടുകളോ ലേഖനങ്ങളോ എഴുതുകയാവും ഭേദം. എഴുത്തിന്റെ കാര്യത്തിൽ വളരെയൊന്നും അദ്ധ്വാനിക്കുന്ന പതിവ് എനിക്കില്ല. എനിക്കറിയാവുന്ന സംഭവങ്ങളേ ഞാനെഴുതാറുള്ളൂ. എഴുതാൻ വേണ്ടിമാത്രം സംഭവങ്ങളുടെ പിറകെ പോകാറില്ല.

***സാമൂഹ്യപക്ഷത്തുനിന്നു നോക്കുമ്പോൾ ഇതിൽ കുറ്റബോധം തോന്നിയിട്ടുണ്ടോ പിന്നീട്?***

ഒരു കഥയെഴുതിയാൽ അടുത്ത പത്തുകഥകൾ എഴുതിയില്ല എന്നു പറയുകയാവും കൂടുതൽ ശരി. അടിയന്തരാവസ്ഥയിലെ ചില അതിക്രമങ്ങൾ എന്നെ പിന്നീട് ഹോൺട് ചെയ്തിരുന്നു. ഉറക്കം നഷ്ടപ്പെട്ട അനുഭവം. ഹുസൈൻ അക്കാലത്ത് ദുർഗയെ വരയ്ക്കുകയായിരുന്നു. കലാകാരന്മാർ വളരെ ഡയറക്ടായി ഇത്തരം സംഭവങ്ങളോട് പ്രതികരിക്കണമെന്നില്ല എന്നു പറഞ്ഞുവരികയായിരുന്നു.

***അതോ കൂടുതൽ സ്വാധീനിച്ചതുകൊണ്ടും ഉലച്ചതുകൊണ്ടും എഴുതാനായില്ല എന്നോ?***

അറിയില്ല. എന്നാൽ 'വൃക്ഷഭത്തിന്റെ കണ്ണ്' ഇതുപോലെ വല്ലാതെ തളർത്തിയ നേരിട്ടുള്ള അനുഭവം തന്നെയാണ്. ബോംബെയിൽ താമസിക്കുമ്പോൾ അടുത്ത ഫ്ളാററിലെ കുട്ടി ആക്സിഡന്റിൽപെട്ട് മരിച്ചു. എങ്കിലും എനിക്കതിനെപ്പറ്റി എഴുതാൻ കഴിഞ്ഞു.

***മരണം വലിയൊരു സാന്നിദ്ധ്യമായി ദാർശനികതലത്തിൽ തന്നെ ആ കഥയിലുണ്ട്.***

അതെ.

***ആദ്യകാല കഥകളിൽ ചിലതെല്ലാം ദുരൂഹതയും അവ്യക്തതയും സൃഷ്ടിക്കുന്നു.***

മനഃപൂർവം ദുരൂഹത സൃഷ്ടിക്കാറില്ല. എന്നാൽ, ചിലത് വേണ്ടത്ര വ്യക്തമാക്കി പറയാറില്ല എന്നത് ശരിയാണ്. വായനക്കാരനും ചിലതു വിട്ടുകൊടുക്കണ്ടേ? അവന്റേതായ ഒരു രീതിയിൽ അവനത് വായിക്കട്ടെ. പിന്നെ ആദ്യകാലങ്ങളിൽ ചിത്ര-ശില്പ കലകളുമായുള്ള ബന്ധം എന്നെ ഈയൊരു മാർഗത്തിലേക്ക് എത്തിച്ചിട്ടുണ്ടാവുമെന്നും തോന്നുന്നു. ഹെൻറിമൂറിന്റെ ശില്പങ്ങൾ നേരിൽ കണ്ടിട്ടുണ്ട്. പെയിന്റിങ്ങിലെ താല്പര്യം നഷ്ടപ്പെട്ടപ്പോഴാവണം കഥ കൂടുതൽ നിഷ്കളങ്കമാവാൻ തുടങ്ങിയത്.

***നഗര ജീവിതത്തിനിടയിലെ കഥകളിലും ആൾക്കൂട്ടത്തെ വിസ്മരിച്ചതുപോലെ തോന്നും?***

ഫ്ളാറ്റിലെ ജീവിതം ഇങ്ങനെ ഉൾവലിയാൻ പ്രേരിപ്പിച്ചിരിക്കാം. പക്ഷേ, മറ്റുള്ളവരുടെ പ്രശ്നങ്ങളും കഥയാക്കിയിട്ടുണ്ട്. 'ഒരു ദിവസത്തിന്റെ മരണം' ഓർമയില്ലേ. ഒന്നാന്തരമൊരു പ്രോലിറ്റേറിയൻ കഥയാണതെന്ന് ആരോ മുൻപ് പറഞ്ഞു. പക്ഷേ, ആ തലത്തിൽ ആ കഥ ചർച്ച ചെയ്തു കണ്ടില്ല. ബോംബെയിലെ വർക്കിങ്ങ് ഗേൾസിനെ പറ്റിയും ഞാനെഴുതിയിട്ടുണ്ട്. ഓട്ടോമേഷന് എതിരായുള്ള കഥയായും 'ഒരു ദിവസത്തിന്റെ മരണ'ത്തെ കാണാവുന്നതാണ്.

***നഗരജീവിതത്തിലും ഗൃഹാതുരത വല്ലാതെ നിഴലിച്ചിരിക്കുന്നു.***

കുട്ടിക്കാലജീവിതം എനിക്കിപ്പോഴും സജീവമാണ്. അക്കാലത്തെ അനുഭവങ്ങളും. മനുഷ്യരന്ന് സത്യസന്ധരായിരുന്നു. സ്നേഹം കൊടുത്താൽ അതേ അളവിൽ തിരിച്ചുകിട്ടിയിരുന്നു. പക്ഷേ, നമ്മളുദ്ദേശിക്കുന്ന നാട്ടിൻപുറം ഇന്നില്ല. അറിയാം. നാട്ടിൻപുറമെന്നു പറഞ്ഞാൽ പുഴയും കുന്നും പാടവും മാത്രം ചേർന്നതു കൊണ്ടായില്ലല്ലോ. ആളുകൾ. ആളുകൾ തന്നെയാണു പ്രധാനം. അവരിന്ന് പഴയപോലെയല്ല.

***സ്ത്രീ-പുരുഷൻ-കുട്ടി താങ്കളുടെ കഥാലോകം ഭൂരിപക്ഷവും ഇങ്ങനെ മൂന്നുപേരിൽ ഒതുങ്ങുന്നു.***

അല്ലാത്ത കഥകളും ഏറെയുണ്ടല്ലോ. കുറേക്കൂടി വൈഡർ ക്യാൻവാസ് നോവലിലല്ലേ പറ്റൂ. ലൂസ് ഫിറ്റിങ്ങാണ് നോവൽ. കഥയേക്കാൾ സ്വാതന്ത്ര്യം തരുന്നുണ്ടത്. അറുപതുകളിലെ കൽക്കത്താ പശ്ചാത്തലത്തിൽ ഒരു നോവലെഴുതാൻ ശ്രമിച്ചിട്ട് ഏറെ കാലമായി. നാലഞ്ചു ചേപ്റ്ററുകൾ എഴുതിവെയ്ക്കുകയും ചെയ്തു. മടികാരണം മുഴുമിപ്പിച്ചില്ല ഇനിയത് എഴുതാനാവുമോ എന്നും സംശയമുണ്ട്.*

***ഇഷ്ടപ്പെട്ട സ്വന്തം രചന? കാരണം?***

'ദിനോസറിന്റെ കുട്ടി' ഇഷ്ടമാണ്. 'സൂര്യകാന്തിപൂക്കളും'. ആത്മാംശം ഉള്ളതുതന്നെയാവാം കാരണം.

***അവാർഡിനെപ്പററിയുള്ള അഭിപ്രായം?***

ഇതിനു മുൻപൊക്കെ പുസ്തകം അയച്ചുകൊടുത്താലും വായിക്കപ്പെടാറില്ല എന്നറിഞ്ഞു. അവാർഡിനു പിന്നിലെ കഥകൾ മനസ്സിലാവുമ്പോൾ നമുക്ക് പുച്ഛം തോന്നും. പക്ഷേ, ഇക്കുറി ഞാനും നിങ്ങളെപ്പോലെ വാർത്ത കേൾക്കുകയായിരുന്നു എനിക്ക് അവാർഡുള്ള വിവരം. അതിൽ നന്ദിയുണ്ട്. അമ്മ ജീവിച്ചിരുന്ന സമയത്തായിരുന്നു ഈ അംഗീകാരമെങ്കിൽ ഇതിൽ കൂടുതൽ സന്തോഷമുണ്ടാകുമായിരുന്നു. അമ്മ അത്രയേറെ ഞാനൊരു കഥയെഴുത്തുകാരനായി വളരാൻ ആശിച്ചിരുന്നു. സത്യത്തിൽ അവാർഡു വാർത്തയറിഞ്ഞ് കുറേ നാളത്തേയ്ക്ക് എനിക്കൊന്നും തോന്നിയില്ല. ആളുകൾ അഭിനന്ദിക്കുമ്പോൾ പോലും ഒരു പ്രത്യേകതയും തോന്നിയില്ല.

---

*ഇന്റർവ്യൂ നടന്നത് 1989ലാണ്. കൽക്കത്ത പശ്ചാത്തലമാക്കിയ നോവൽ 2003ലാണ് എഴുതിത്തീർത്തത്. 'തടാകതീരത്ത്.'